കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെറുകോൽ ഗ്രാമപഞ്ചായത്ത് - ജനകീയാസൂത്രണം 2017-18 പ്രോജക്ട് ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ) നം. 1691/2018/തസ്വഭവ തിരുവനന്തപുരം, തീയതി : 21/06/2018.

വായന:- 1. ചെറുകോൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 160/01/2018 ലെ 9(1)ാം നം തീരുമാനം.

2. ചെറുകോൽഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19/01/2018 ലെ സി3-1463/18 നമ്പർകത്ത്

3. 21/03/2018 ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റിയുടെ 4 .43 നമ്പർ തീരുമാനം.

**ഉത്തരവ്**

ചെറുകോൽ ഗ്രാമ പഞ്ചായത്തിൽ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടായ( പ്രോജക്ട് നം. 187/18) 'എസ്.സി വിഭാഗം ഭൂരഹിതർക്ക് ഭൂമി വാങ്ങിനല്കൽ 'എന്ന പ്രോജക്ടിന് 7,10,000/-രൂപ വകയിരുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് ഭരണ സമിതിയും ആസൂത്രണ സമിതിയും അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ടെന്നും 2017-18 ലെ വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗ നിർദ്ദേശവും സബ്സിഡി മാർഗ്ഗ രേഖയും സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പ്രകാരമാണ് പ്രസ്തുത പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്നും എന്നാൽ ചെറുകോൽ പഞ്ചായത്തിൽ പട്ടികജാതി വിഭാഗം ഭൂരഹിത ഭവനരഹിതരുടെ ഗുണഭോക്തൃലിസ്റ്റിൽ ഗുണഭോക്താക്കൾ കുറവായതിനാലും ഭവന സമുച്ചയങ്ങൾ നിർമ്മിക്കാനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാലും നിലവിൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗതമായി ഭൂമി വാങ്ങി നല്കുന്നതിനുള്ള അനുമതി നല്കണമെന്നും ചെറുകോൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വായന(1) ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വായന(2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. 21/03/2018 ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റി യോഗം ഇക്കാര്യം വിശദമായി പരിശോധിച്ചു. വായന (3) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെറുകോൽ ഗ്രാമ പഞ്ചായത്തിൽ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടായ( പ്രോജക്ട് നം. 187/18) 'എസ്.സി വിഭാഗം ഭൂരഹിതർക്ക ഭൂമി വാങ്ങിനല്കൽ 'എന്ന പ്രോജക്ടിനായി വകയിരുത്തിയിട്ടുള്ള 7,10,000 /-രൂപ പട്ടികജാതി വിഭാഗം ഭൂരഹിത ഭവനരഹിതരുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിലെ നിരക്ക്

പ്രകാരം വ്യക്തിഗതമായി ഭൂമി വാങ്ങിനല്കുന്നതിനുവേണ്ടി വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, ചെറുകോൽ ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പ്

---

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ